# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4677 28.6.2013-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

## കോടശ്ശേരി -പരിയാരം കുടിവെള്ള പദ്ധതിക്ക് പ്ളാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ യുടെ കീഴിലുള്ള 15 ഏക്കർ സ്ഥലത്തുനിന്ന്, കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിയുടെ പ്ളാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള അപേക്ഷയിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിൽ ചാലക്കുടിയിലെ പരിയാരം പഞ്ചായത്തിലുള്ള സ്ഥലത്ത് ഒരു ആധുനിക മാംസസംസ്കരണ ഫാക്ടറിയും മറ്റ് അനുബന്ധ സംവിധാനങ്ങളും നിർമ്മിക്കുന്നതിന് 19/11/2012 ലെ ജി.ഒ(എം.എസ്) 265/12/എ ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മാംസ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ 35.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റിന് 1.25 ഏക്കർ സ്ഥലം ആവശ്യമാണെന്ന് ജലവിഭവ(ജലവിതരണ-ബി) വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ യുടെ കീഴിലുള്ള 15 ഏക്കർ സ്ഥലത്തുനിന്ന്, കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിക്ക് ആവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് നിർവ്വാഹമില്ല. |

Seela

സെക്ഷൻ ഓഫീസർ